"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - **2023** ൽ കാലാവധി കഴിഞ്ഞതും എന്നാൽ സമയബന്ധിതമായി പുതുക്കുവാൻ സാധിക്കാതിരുന്നതുമായ കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**1124/2024/PWD** തീയതി,തിരുവനന്തപുരം, **06-11-2024**

---

പരാമർശം:-
1. സ.ഉ.(കൈ)നം.**6/2023**/പൊ.മ.വ തീയതി **20.01.2023**
2. സ.ഉ.(കൈ)നം.**13/2023**/പൊ.മ.വ തീയതി **28.02.2023**
3. സ.ഉ.(സാധാ)നം.**407/2024**/പൊ.മ.വ തീയതി **16.03.2024**
4. സ.ഉ.(സാധാ)നം.**433/2024**/പൊ.മ.വ തീയതി **02.04.2024**
5. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ **30.05.2024** ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/**8760/2024**-എ.ഇ.ഇ(പി.എൽ.ജി)-എ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**2023** ൽ കാലാവധി കഴിഞ്ഞതും എന്നാൽ സമയബന്ധിതമായി പുതുക്കുവാൻ സാധിക്കാതിരുന്നതുമായ കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി പരാമർശം **(3), (4)** ഉത്തരവുകൾ മുഖേന **16.03.2024** മുതൽ ഒരു മാസം വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ അവസരം പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്ന കരാറുകാരുടെ അപേക്ഷകൾ പരിഗണിച്ച് , ഒരു നിശ്ചിത പിഴയോടു കൂടി പ്രസ്തുത ലൈസൻസുകൾ പുതുക്കുന്നതിനുള്ള അവസരം ഒരിക്കൽകൂടി നൽകണമെന്ന് പരാമർശം **(5)** മുഖേന പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2023**-ൽ കാലാവധി

അവസാനിച്ചതും എന്നാൽ സമയബന്ധിതമായി പുതുക്കാതിരുന്നതുമായ കരാർ ലൈസൻസുകൾ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും ചുവടെ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകളും പാലിച്ചുകൊണ്ട് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു :

(i) 2023-ൽ കാലാവധി അവസാനിച്ച കരാർ ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള സമയം, പരാമർശം (4) പ്രകാരം നിശ്ചയിക്കപ്പെട്ടതിന്റെ ഇരട്ടി പിഴയോടു കൂടി ഈ ഉത്തരവ് തീയതി മുതൽ ഒരു മാസക്കാലയളവ് കൂടി നീട്ടി നല്കുന്നു.

(ii) 2023 വർഷത്തിൽ സമയബന്ധിതമായി ലൈസൻസ് പുതുക്കുന്നതിന് സാധിക്കാത്ത A/C, Firefighting, lift license കരാറുകാർക്ക്, പരാമർശം (4) പ്രകാരം ഇലക്ട്രിക്കൽ കരാറുകാർക്ക് നിശ്ചയിച്ചിട്ടുള്ള പിഴ തുക ഒടുക്കി പ്രസ്തുത ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള സമയം ഈ ഉത്തരവ് തീയതി മുതൽ ഒരു മാസക്കാലയളവ് കൂടി നീട്ടി നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്ടറിങ്ങ് അധികാരികൾക്കും (ബന്ധപ്പെട ചീഫ് എഞ്ചിനീയർ മുഖേന)

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ-ഗവേണൻസ്), പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

(2849424/ഐ&പി.ഡബ്ല്യൂ.-ബി2/187/2024-ഫിൻ തീയതി 23.10.2024)

തദ്ദേശ സ്വയംഭരണ വകുപ്പ്

ജലവിഭവ വകുപ്പ്.

ഐ&പി.ആർ (വെബ് &ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

(പി.ഡബ്ല്യൂ.ഡി-എച്ച്3/81/2024-പി.ഡബ്ല്യൂ.ഡി)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 07-11-2024 12:16:35
സെക്ഷൻ ഓഫീസർ.